(ബി) അവിടെ എത്ര സ്കൂളുകളിൽ പ്ലസ് ടു കോഴ്സ് അനുവദിച്ചു ;

(സി) ആ നിയോജക മണ്ഡലത്തിൽ എത്ര ഹൈസ്കൂളുകളാണ് പ്രസ്തുത കാലത്തുണ്ടായിരുന്നത് ;

(ഡി) ആ നിയോജക മണ്ഡലത്തെ പ്രതിനിധീകരിച്ചതാരായിരുന്നു എന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-ഡി) നിയോജക മണ്ഡലത്തിന്റെ അടിസ്ഥാനത്തിലല്ല പ്ലസ് ടു കോഴ്സുകൾ അനുവദിച്ചിട്ടുള്ളത്. അതിനാൽ നിയോജകമണ്ഡലം തിരിച്ചുള്ള കണക്കുകൾ ശേഖരിച്ചിട്ടില്ല.

ഹയർ സെക്കണ്ടറി സ്കൂളുകളിലെ ഉയർന്ന തസ്തികകളിലെ നിയമനത്തിന്റെ മാനദണ്ഡം

105 (2045) ശ്രീ. സി. ടി. അഹമ്മദ് അലി :
ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി :
ശ്രീ. കളത്തിൽ അബ്ദുള്ള :
ശ്രീ. ഇസ്ഹാക് കുരിക്കൾ :
ശ്രീ. പി. കെ. കെ. ബാവ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്തെ ഹയർ സെക്കണ്ടറി സ്കൂളുകളിലെ പ്രിൻസിപ്പൽ, വൈസ് പ്രിൻസിപ്പൽ എന്നിവരുടെ നിയമനത്തിന് അടിസ്ഥാനമായ മാനദണ്ഡങ്ങൾ എന്തൊക്കെയാണ് ;

(ബി) പ്ലസ് ടു, വി.എച്ച്.എസ്.ഇ. സ്കൂളുകളിലെ ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ തസ്തികകളിൽ നിയമിക്കുന്നത് ആരെയാണ് ;

(സി) ഇത് സംബന്ധമായി രൂപീകരിച്ച മാനദണ്ഡങ്ങൾ വിശദീകരിക്കുന്ന ഉത്തരവിന്റെ കോപ്പി ലഭ്യമാക്കുമോ ?

ഉത്തരം

(എ) നിലവിലുള്ള ഹയർ സെക്കന്ററി സ്കൂൾ ടീച്ചർമാർക്ക് സീനിയോറിറ്റി അനുസരിച്ചും പ്രൊമോഷൻ വഴിയും പൊതുവിദ്യാഭ്യാസ വകുപ്പിന്റെ കീഴിൽ വരുന്ന ഹൈസ്കൂളുകളിലെ യോഗ്യതയുള്ള ഹെഡ്മാസ്റ്റർമാർക്ക് ട്രാൻസ്ഫർ വഴിയും 2:1 എന്ന അനുപാതത്തിലാണ് ഹയർ സെക്കന്ററി സ്കൂൾ പ്രിൻസിപ്പൽമാരെ നിയമിക്കുന്നത്. ഹയർ സെക്കന്ററി സ്കൂളുകളിൽ വൈസ് പ്രിൻസിപ്പൽ തസ്തിക നിലവിലില്ല.

(ബി) പ്ലസ് ടു വിഭാഗത്തിൽ ഡെപ്യൂട്ടി ഹെഡ്മാസ്റ്റർ തസ്തികയില്ല.

(സി) 'ബി' യുടെ ഉത്തരത്തിന്റെ അടിസ്ഥാനത്തിൽ ചോദ്യം ഉദിക്കുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly